GOVERNMENT ARTS COLLEGE
Thiruvananthapuram- 695014
Ph: 0471-2323040, e-mail: gactvpm.dce@kerala.gov.in, website: www.gactvm.org

A2/996/2020/GACT

സർക്കാർ ആർട്ട്സ് കോളേജ്
തിരുവനന്തപുരം
20.07.2023

**പുനർ ലേലം/പുനർ ക്വട്ടേഷൻ പരസ്യം**

തിരുവനന്തപുരം സർക്കാർ ആർട്ട്സ് കോളേജ് ക്യാംപസിൽ ക്യാന്റീന് മുൻഭാഗത്തായി നിൽക്കുന്ന മരം 26/07/2023 രാവിലെ 11.00 മണിക്ക് പരസ്യമായി ലേലം ചെയ്തും മുദ്രവെച്ചുള്ള ക്വട്ടേഷൻ സ്വീകരിച്ചും വിൽക്കുന്നതാണ്.

| ക്രമ നം. | ഇനം | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | മഹാഗണി | 1 | മരം മൊത്തമായി മുറിച്ച് മാറ്റുവാൻ |

കൂടുതൽ വിവരങ്ങൾക്കായി കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതോ (Mob:8330059840) കോളേജിന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാവുന്നതോ ആണ് (www .gactvm.org)

Dr. Sheela K L

ലേല വ്യവസ്ഥകൾ

1) പുനർ ലേലം/പുനർ ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം (26.07.2023) രാവിലെ 10.30 ന് മുൻപായി 500/-(അഞ്ഞൂറ് രൂപ മാത്രം) രൂപ നിരതദ്രവ്യം ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേല ദിവസം രാവിലെ 10.30 ന് മുൻപായി മുദ്ര വെച്ച ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിനു മുകളിൽ "മഹാഗണി മരത്തിനുള്ള ക്വട്ടേഷൻ "എന്ന് വ്യക്തമായി എഴുതി പ്രിൻസിപ്പാൾ ,സർക്കാർ ആർട് സ് കോളേജ്,തിരുവനന്തപുരം എന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ് .

2) ലേലത്തിൽ മരത്തിനു ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിലോ,ലേലത്തിന് ശേഷം തത്സമയമ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്ന ആളുടെ പേരിലോ ,(ഇവരിൽ ആരാണോ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തുന്നത്) പുനർ ക്വട്ടേഷൻ/പുനർ ലേലം ഉറപ്പിക്കുന്നതായിരിക്കും .

3) ക്വട്ടേഷൻ/ ലേലം സ്ഥിരപ്പെട്ടാൽ പ്രസ്തുത വ്യക്തി മൊത്തം ക്വട്ടേഷൻ /ലേല തുകയുടെ മൂന്നിലൊന്നു ഭാഗം അന്നേ ദിവസം കെട്ടിവയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം ഓഫീസിൽ ഒടുക്കി മരം മുറിക്കുന്നതിനുള്ള അനുവാദം വാങ്ങേണ്ടതുമാണ് .

4) ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുന്ന വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അന്നേ ദിവസം ഓഫീസിൽ ഒടുക്കേണ്ടതാണ് .ടി തുക മരം മുറിച്ച് നീക്കം ചെയ്തതിനു ശേഷം ബാധ്യതകളൊന്നുമില്ലെങ്കിൽ പലിശ രഹിതമായി തിരിച്ചു നൽകുന്നതാണ്.

5) ലേലത്തിൽ ഉറപ്പിച്ച മരം മുറിക്കുന്നതിനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം ,ജീവനും സ്വത്തിനും നഷ്ടം സംഭവിക്കാതെ സുരക്ഷിതമായ രീതിയിൽ മരം മുറിച്ച് മാറ്റി തടി ,വിറക് എന്നിവ നീക്കം ചെയ്യേണ്ടതാണ് .അല്ലാത്തപക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് നിയമ പരമായ നടപടികളും പിഴ പലിശയും ഈടാക്കുന്നതായിരിക്കും .

6) ഏതെങ്കിലും കാരണങ്ങളാൽ ലേലം സ്ഥിരപ്പെടുത്തി ലഭിച്ചയാൾക്കു ഉദ്ദേശിച്ച രീതിയിൽ തടി ,വിറക് ഇവ ലഭിക്കാതെ വന്നാൽ നഷ്ട പരിഹാരം ആവശ്യപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല .

7) പുനർ ലേലം /പുനർ ക്വട്ടേഷൻ സ്ഥിരപ്പെടാത്തവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞയുടനെ തിരികെ നൽകുന്നതായിരിക്കും .

8) ലേല തുകയ്ക്ക് പുറമെ ലേല തുകയുടെ 5% വനവികസന നികുതിയും ,വന വികസന നികുതിയുടെയും വിൽപ്പന നികുതിയുടെയും 18% GST യും മൊത്തം തുകയുടെ 2.5% ആദായ നികുതിയും ക്വട്ടേഷൻ/ലേലം പിടിച്ചയാൾ ഒടുക്കേണ്ടതാണ്.ലേലം സ്ഥിരപ്പെടുന്ന ആൾ 200/- രൂപ മുദ്ര പത്രത്തിൽ കരാർ എഴുതി കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

9) മരത്തിൽ പക്ഷി കൂടുകളോ,പക്ഷികുഞ്ഞുങ്ങളോ ഉണ്ടെങ്കിൽ ആയവ ആ മരങ്ങളിൽ നിന്നും വിട്ടു പോകുന്നത് വരെ മരം മുറിച്ച് മാറ്റുവാൻ പാടുള്ളതല്ല .മുറിക്കുവാൻ അനുവാദം ലഭിച്ച മരത്തിൽ പക്ഷി കൂടുകളോ,പക്ഷികുഞ്ഞുങ്ങളോ വിട്ടുപോകും മുൻപ് മരങ്ങൾ മുറിക്കുന്നത് ദേശീയ വന്യ ജീവി സംരക്ഷണ നിയം 1972 പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ് .

10) ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരം എല്ലാ പ്രവൃത്തി ദിവസങ്ങളിലും കോളേജിൽ വന്ന് പരിശോധിക്കാവുന്നതാണ് .

11) ലേലം ഉറപ്പിക്കുന്നതിനോ /മാറ്റി വക്കുന്നതിനോ ഉള്ള അധികാരം കോളേജ് പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.ലേലം /ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

<u>പകർപ്പ്</u>

1.നോട്ടീസ് ബോർഡ്

2. കോളേജ് വെബ് സൈറ്റ്

# Approval Valid

Digitally Approved By
Dr. Sheela K L
Date: 20.07.2023
Reason: Approved